സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

**പതിനൊന്നാം ശമ്പളപരിഷ്ക്കരണ റിപ്പോർട്ട് – സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അനുവദിച്ച ക്രമം ശമ്പളപരിഷ്ക്കരണവും പെൻഷൻ പരിഷ്ക്കരണവും തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർക്കും പെൻഷൻകാർക്കും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

ഉത്തരവ് നമ്പർ: **ROC No. 2191/21/Est-I** നന്തൻകോട്, **14/10/2022**

---

പരാമർശം :– 1) ജി.ഒ.(പി) 27/2021/ഫിൻ തീയതി 10–02–2021
2) ജി.ഒ.(പി) 30/2021/ഫിൻ തീയതി 12–02–2021
3) ജി.ഒ (പി) 35/2021/ഫിൻ തീയതി 23–02–2021
4) 26–02–2021 ലെ മേൽ നമ്പർ ഉത്തരവ്.
5) 08–11–2021 ലെ മേൽ നമ്പർ ഉത്തരവ്.
6) ദേവസ്വം കമ്മീഷണറുടെ 10–10–2022 ലെ ആർ.ഒ.സി. 4343/2021/എസ്റ്റാ–എ നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും പതിനൊന്നാം ശമ്പളപരിഷ്ക്കരണവും പെൻഷൻ പരിഷ്ക്കരണവും സർക്കാർ നടപ്പിലാക്കിയിട്ടുള്ളതാണ് (പരാമർശം – 1, 2, 3).

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാർക്കും പെൻഷൻകാർക്കും ശമ്പളപരിഷ്ക്കരണവും പെൻഷൻ പരിഷ്ക്കരണവും നടപ്പാക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ദേവസ്വം കമ്മീഷണർ കൺവീനറായുള്ള സമിതി രൂപീകരിച്ചിരുന്നു (പരാമർശം – 4, 5).

പ്രസ്തുത സമിതി ബോർഡിന് റിപ്പോർട്ട് സമർപ്പിച്ചു (പരാമർശം – 6). ആയത് ബോർഡ് സസൂക്ഷ്മം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കുംപ്രകാരം ഉത്തരവാകുന്നു.

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അനുവദിച്ചക്രമം പതിനൊന്നാം ശമ്പളപരിഷ്ക്കരണം തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാർക്കും പെൻഷൻകാർക്കും 01–07–2019 മുതൽ പ്രാബല്യത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചു.

(മറുപുറം)

പരിഷ്ക്കരിച്ച ശമ്പളവും പെൻഷനും 2023 ജനുവരി മാസം മുതൽ വിതരണം ചെയ്യുന്നതിന് അനുവദിച്ചിരിക്കുന്നു.

2022 ഡിസംബർ വരെയുള്ള ശമ്പളം/പെൻഷൻ പരിഷ്ക്കരണ കുടിശ്ശിക സംബന്ധിച്ചുള്ള തീരുമാനം പിന്നീട് കൈക്കൊള്ളുന്നതാണ്.

ശമ്പളപരിഷ്ക്കരണ റിപ്പോർട്ട് പിന്നാലെ പ്രസിദ്ധീകരിക്കുന്നതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി. ഡിവിഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK